14-02-2024 ന് രാവിലെ 10.30 മണിക്ക് ഉപജില്ലാ അദാലത്ത് സമിതി യോഗത്തിൽ പങ്കെടുത്തവരും തീരുമാനങ്ങളും.

**ഹാജർ**

1. സതീശൻ. കെ വി, IVO & കൺവീനർ
2. ബിജു. പി വി, Assistant Executive Engineer, കണ്ണൂർ ബ്ലോക്ക്
3. നിതിൻ കുമാർ. എസ്, Deputy Town Planner

**തദ്ദേശ സ്ഥാപന പ്രതിനിധികൾ**

1. സുജേഷ്. കെ, Senior Cerk, നാറാത്ത് ഗ്രാമപഞ്ചായത്ത്
2. മോഹനൻ വി, FGO, തളിപ്പറമ്പ മുനിസിപ്പാലിറ്റി

**പരാതിക്കാർ**

1. റീബ. പി നാറാത്ത്
2. അബ്ദുള്ള കായക്കൂൽ തളിപറമ്പ

യോഗം രാവിലെ 10 .30 ന് ആരംഭിച്ചു.

**അജണ്ട : 1.** നാറാത്ത് ഗ്രാമപഞ്ചായത്തിനെതിരെ ശ്രീമതി. റീബ എന്നവരുടെ പരാതി.(Docket No. knr0100608 നവകേരള സദസ്സ്)

ശ്രീമതി. റീബ എന്നവർ നാറാത്ത് ഗ്രാമപഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ് നേടി പണിത വീടിന് കെട്ടിട നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി. പെർമിറ്റ് പ്രകാരം 137.08 $m^2$ കെട്ടിട നിർമ്മാണ അനുമതിയാണ് നേടിയിട്ടുള്ളത്. എന്നാൽ കെട്ടിട നിർമ്മാണ വിസ്തൃതി അധികരിച്ചിട്ടുണ്ടെന്നും കംപ്ലീഷൻ പ്ലാൻ പ്രകാരം സൈറ്റിൽ നിലവിലുള്ളതു പോലല്ല പ്ലാനിൽ കാണിച്ചിരിക്കുന്നത്. ഫ്രണ്ട് യാർഡ് അളവുകൾ 2019 ലെ KPBR Rule 26 table 4 പ്രകാരം പര്യാപ്തമല്ല. ഇറിഗേഷൻ വകുപ്പിൽ നിന്നുള്ള NOC ഹാജരാക്കണം എന്നീ അപാകതകൾ പരാതിക്കാരിയെ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ പരാതിക്കാരി നേരത്തെ ഗ്രാമപഞ്ചായത്തിൽ നടന്ന അദാലത്തിൽ പരാതി സമർപ്പിക്കുകയും, ആയത് ജില്ലാതലത്തിൽ അദാലത്തിൽ പരിഗണിച്ച് Kerala Panchayat Regularisation of Unauthorised Construction Rules 2019 പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. എന്നാൽ അപേക്ഷക ഇതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലാത്തതാണെന്ന് പഞ്ചായത്ത് അറിയിച്ചു. ഫ്രണ്ട് യാഡിൽ കിണർ ആൾമറ കെട്ടിയതിനാലാണ് അളവ് ലഭിക്കാതിരുന്നതെന്നും ആയത് പരിഹരിച്ചതിനു ശേഷവും നമ്പർ അനുവദിക്കുന്നില്ലെന്നും പരാതിക്കാരി പറഞ്ഞു. പരാതിക്കാരിയും പഞ്ചായത്തും ഹാജരാക്കിയ രേഖകൾ പരിശോധിച്ചു. കംപ്ലീഷൻ പ്ലാൻ പ്രകാരം അടുത്ത റോഡിലേക്ക് പ്രവേശിക്കുന്നത് പഴശ്ശി ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള കനാലിനോട് ചേർന്ന സ്ഥലത്ത് കൂടിയാണെന്ന് വ്യക്തമാണ്.

**തീരുമാനം :** ശ്രീമതി. റീബ നടത്തിയ കെട്ടിട നിർമ്മാണം സ്ഥലത്ത് പ്രവേശനം ഉള്ളത് പഴശ്ശി ഇറിഗേഷന്റെ ഭാഗമായ സ്ഥലത്ത് കൂടിയായതിനാൽ ഇത് സംബന്ധിച്ച് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു. മറ്റ് അപാകതകളൊന്നും നിലവിൽ പഞ്ചായത്ത് കണ്ടെത്തിയിട്ടില്ലാത്തതിനാൽ അപാകത പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

**അജണ്ട : 2.** ശ്രീമതി. സിന്ധു. എംപി എന്നവർ ചെറുപുഴ ഗ്രാമപഞ്ചായത്തിനെതിരെ നൽകിയ പരാതി.

ശ്രീമതി. സിന്ധു. എംപി എന്നവർ ചെറുപുഴ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് നേടി പണിത പെട്രോൾ പമ്പിന് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി. അദാലത്ത് സമിതി അംഗങ്ങൾ ചെറുപുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എൻജിനീയർ, പരാതിക്കാരിയുടെ പ്രതിനിധിയായ ശ്രീ. ഡി. വിജയൻ മാസ്റ്റർ എന്നിവരുടെ സാന്നിധ്യത്തിൽ നിർമ്മാണ സ്ഥലം പരിശോധിച്ചു. പരാതിക്കാരിയും ഗ്രാമപഞ്ചായത്തും ഹാജരാക്കിയ രേഖകൾ പരിശോധിച്ചു. പെർമിറ്റ് കാലാവധി നീട്ടി നൽകുന്നതിനാണ് അപേക്ഷ നൽകിയിരിക്കുന്നത്. അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് അധികമായി നിർമ്മിച്ചിരിക്കുന്ന Retail Dispensing Unit ചട്ടപ്രകാരം ആവശ്യമായ ദൂരപരിധി പാലിക്കാത്ത തിനാലും അധികനിർമ്മിതി ഉള്ളതിനാലുമാണ് പെർമിറ്റ് കാലാവധി നീട്ടി നൽകാൻ സാധിക്കാത്തത് എന്ന് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു. പരിശോധനയിൽ ആയത് ശരിയാണെന്ന് കണ്ടെത്തി. പരാതിക്കാരിയുടെ പ്രതിനിധികൾ അനുവദിച്ച പെർമിറ്റിൽ നിന്നും അധികരിച്ച നിർമ്മാണങ്ങൾ പൊളിച്ചു മാറ്റുന്നതിന് സന്നദ്ധത അറിയിച്ചു.

**തീരുമാനം :** ശ്രീമതി. സിന്ധു. എം പി അംഗീകാരം ലഭിച്ച കെട്ടിട നിർമ്മാണ പെർമിറ്റിൽ അധികരിച്ച് നടത്തിയ നിർമ്മാണം ഒഴിവാക്കി ഗ്രാമപഞ്ചായത്തിന് രേഖാമൂലം അറിയിക്കുന്നതിനും ആയത് പരിഗണിച്ച് നിലവിലുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ദീർഘിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയറോടും സെക്രട്ടറിയോടും നിർദ്ദേശിച്ചു തീരുമാനിച്ചു.

**അജണ്ട : 3.** ശ്രീ. അബ്ദുള്ള കായക്കൽ എന്നിവർ തളിപ്പറമ്പ് നഗരസഭക്കെതിരെ നൽകിയ പരാതി

പെർമിറ്റ് പ്രകാരം നടത്തിയ വാണിജ്യ കെട്ടിടത്തിന്റെ അധികനിർമ്മിതി അംഗീകരിച്ച് നമ്പർ അനുവദിക്കുന്നില്ല എന്നതാണ് പരാതി. സൈറ്റ് പരിശോധന നഗരസഭയും പരാതിക്കാരനും ഹാജരാക്കിയ രേഖകൾ എന്നിവ പരിശോധിച്ചു. നിലവിൽ നഗരസഭ പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം നടത്തിയിരിക്കുന്നത് എന്ന് മാത്രമാണ് അപാകതയായി അപേക്ഷകനെ അറിയിച്ചിരിക്കുന്നത്. പരിശോധനയിൽ KMBR 1999 Rule 24 അനുവദിച്ച് ഓപ്പൺ യാർഡ് സൗകര്യങ്ങൾ ലഭ്യമല്ല. FF slab 120 cm അടുത്ത പ്ലോട്ടിലേക്ക് പ്രൊജക്റ്റ് ചെയ്തിട്ടുണ്ട്. Rule 26 അനുസരിച്ച് റോഡിൽ നിന്നും ദൂരപരിധി കുറവാണ് Rule 34 പ്രകാരം പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല Rule 39 പ്രകാരം സ്റ്റെയർകെയ്സ് ആവശ്യമായ അളവുകൾ ഇല്ല. Rule 40 A പ്രകാരം അംഗപരിമിതർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. Rule 56(3)(c) ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. Rule 56(6) അഗ്നി സുരക്ഷാ ക്രമീകരണങ്ങൾ ഇല്ല. Rule 109 AB മഴവെള്ള പോഷണ, സംഭരണ സംവിധാനങ്ങൾ തുടങ്ങിയ അപാകതകൾ നിലനിൽക്കുന്നതായി ബോധ്യപ്പെട്ടു.

**തീരുമാനം :** KMBR 1999 Rule 24, 26, 34, 39, 40A, 56(3)(c), 56(6), 109A, 109B തുടങ്ങിയ ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതിനാൽ ആയവ പരിഹരിക്കേണ്ടതാണ്. നിലവിൽ അപേക്ഷകന് അപാകത സംബന്ധിച്ച് നഗരസഭ നൽകിയ അറിയിപ്പിൽ പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് നിർമ്മാണം എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ കെട്ടിട നിർമ്മാണത്തിൽ സംഭവിച്ചിരിക്കുന്ന മുഴുവൻ അപാകതകളും സംബന്ധിച്ച വിശദമായ അപാകതാ പരിഹരിക്കൽ നോട്ടീസ് 10 ദിവസത്തിനകം അപേക്ഷകന് നഗരസഭ അയച്ചു നൽകേണ്ടതാണ്.

യോഗം 01:30 PM ന് അവസാനിച്ചു.